ഡേവിഡ് ലാലി എന്നയാൾക്ക് ലഭിച്ച ശിക്ഷ

7(7) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഡാക്കുപ്പികൊണ്ടടിച്ച് പല്ലും താടിയെല്ലും തകർത്ത് ഗുരുതര പരിക്കേല്പിച്ചുവെന്നതിനു മലയൻകീഴ് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതി ഡേവിഡ് ലാലി എന്നയാൾക്ക് വിധിച്ച ശിക്ഷ എന്തായിരുന്നു; ഈ ശിക്ഷ സുപ്രീം കോടതി ശരിവെക്കുകയുണ്ടായോ;

(ബി) സുപ്രീം കോടതി ശരിവച്ച ശിക്ഷ പിന്നീട് ഗവൺമെന്റ് ഇളവു ചെയ്യുകയുണ്ടായോ; എങ്കിൽ ഏത് ഉത്തരവിലൂടെ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) രണ്ട് വർഷം തടവിനുള്ള ശിക്ഷ ഒരു ലക്ഷം രൂപ പിഴ മാത്രമാക്കാനുണ്ടായ കാരണം എന്തായിരുന്നു; ആരുടെ ശിപാർശയിന്മേലാണ് സർക്കാർ ഉത്തരവ് നൽകിയത്; വിശദമാക്കാമോ;

(ഡി) ഈ കേസിൽ പ്രതി എത്ര ദിവസം തടവിൽ കഴിയുകയുണ്ടായി; പ്രതിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയും തമ്മിലുള്ള ബന്ധം അറിയാമോ?

ഉത്തരം

(എ) രണ്ട് വർഷം കഠിനതടവും, ആയിരം രൂപ പിഴയുമാണ് ശിക്ഷിച്ചത്. ശിക്ഷ ബഹു.സുപ്രീം കോടതി ശരിവയ്ക്കുകയുണ്ടായി.

(ബി) സർക്കാർ ഉത്തരവ് (ആർ.റ്റി) 1591/14/ആഭ്യന്തരം തീയതി 9-6-2014 പ്രകാരം ഇളവു ചെയ്യുകയുണ്ടായി. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ടി കേസിലെ പ്രതിയായ ശ്രീ. ഡേവിഡ് ലാലി 52 വയസ് കഴിഞ്ഞയാളും ഗുരുതരമായ രോഗങ്ങളാൽ കഷ്ടപ്പെടുന്നയാളും ആണെന്നും കൂടാതെ 26 വർഷം മുൻപ് നടന്ന സംഭവം സംബന്ധിച്ചുള്ളതായതിനാലും ആണ് സെക്ഷൻ 433 (d) CrPC.1973 പ്രകാരം സർക്കാർ ശിക്ഷയിൽ ഇളവ് നൽകി ഉത്തരവായത്. ഇക്കാര്യത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് വാങ്ങിയിരുന്നു. തടവുശിക്ഷ കമ്യൂട്ട് ചെയ്ത് പിഴശിക്ഷ ആക്കുന്നതിന് നിയമതടസ്സം ഇല്ലാത്തതാകുന്നുവെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടു

(ഡി) ടി പ്രതി തടവിൽ കഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടിയാനും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയും തമ്മിലുള്ള ബന്ധം അറിവായിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly